**കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)**
രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485
വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്
തിരുവനന്തപുരം –1

പ്രസിഡന്റ് — ജനറൽ സെക്രട്ടറി
കെ.പി.ധനപാലൻ Ex.MP — സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം
15.02.2015

നമ്പർ. 2/2015

## സർക്കുലർ

സംഘടനയുടെ സ്റ്റേറ്റ് കൗൺസിൽ 3.3.2015 ചൊവ്വാഴ്ച കൃത്യം 10 ന് തിരുവനന്തപുരത്തുള്ള കേന്ദ്രക്കമ്മിറ്റി ഓഫീസിൽ വച്ച് പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ ചേരുന്നതാണ്. റഫറണ്ടം ഉൾപ്പടെയുള്ള ചില സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യേണ്ടുന്നതിനാൽ താങ്കൾ കൃത്യമായും പങ്കെടുക്കണം.

**വനിതാവേദി**

എറണാകുളത്തുവച്ച് പ്രസിഡന്റ് ലതികാ സുഭാഷിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന വനിതാവേദിയുടെ കമ്മിറ്റി തീരുമാനപ്രകാരം സംസ്ഥാന കൺവെൻഷൻ ജനുവരി 27-ാം തീയതി നടത്തുവാൻ തീരുമാനിച്ചിരുന്നു. മെസ്സേജ് വഴിയും സർക്കുലർ വഴിയും ഈ വിവരം എല്ലാ സ്റ്റേറ്റ് കൗൺസിൽ അംഗങ്ങളേയും അറിയിച്ചിരുന്നു. എന്നാൽ ഹർത്താൽമൂലം പ്രോഗ്രാം മാറ്റിവയ്ക്കേണ്ടിവന്നു. ഫെബ്രുവരി 12 -ാം തീയതി വനിതാവേദിയുടെ സംസ്ഥാന കൺവെൻഷൻ തിരുവനന്തപുരത്ത് YMCA ഹാളിൽ വച്ച് നടന്നു. യോഗം ബഹു.വൈദ്യുതി മന്ത്രി ആര്യാടൻ മുഹമ്മദ് ഉദ്ഘാടനം ചെയ്തു. 250 ഓളം വനിതാ പ്രതിനിധികൾ പങ്കെടുത്തു. വിജയിപ്പിച്ച എല്ലാ ഡിവിഷൻ കമ്മിറ്റികൾക്കും അഭിനന്ദനങ്ങൾ.

**യൂണിറ്റ് മീറ്റിംഗ്**

കഴിഞ്ഞ സംസ്ഥാന കമ്മിറ്റിയുടെ തീരുമാന പ്രകാരം വിവിധ സ്ഥലങ്ങളിൽ യൂണിറ്റ് മീറ്റിംഗുകളും ഡിവിഷൻ/സമ്മേളനങ്ങളും നടന്നു.

**ഐഡന്റിറ്റി കാർഡ്**

ഐഡന്റിറ്റി കാർഡ് ഫോർമാറ്റും മെമ്പർഷിപ്പ് വിവരങ്ങളും (രണ്ട് ലിസ്റ്റ്) ഇതിനോടകം എല്ലാ ഡിവിഷനുകളിലും എത്തിച്ചു. ലിസ്റ്റുമായി സെക്ഷൻ ഓഫീസുകളിൽപോയി അതിൽ രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണോ എന്ന് പരിശോധിക്കണമെന്ന് മുമ്പ് അറിയിച്ചിരുന്നു. ഐഡന്റിറ്റി കാർഡ് ഫോർമാറ്റ് 10 ദിവസത്തിനകം തിരിച്ചയക്കണമെന്ന് അറിയിച്ചിരുന്നെങ്കിലും തിരികെ ലഭിച്ചിട്ടില്ല. സംസ്ഥാന കൗൺസിലിന് വരുമ്പോൾ തീർച്ചയായും ലിസ്റ്റ് കൊണ്ടു വരണം.

**ഭാരവാഹികളുടെ ലിസ്റ്റ്**

എല്ലാ ജില്ലാ ഭാരവാഹികളുടെ പേരും ഭാരവാഹിത്വം എന്നിവ ജില്ലാ വർക്കിംഗ് പ്രസിഡന്റ്/ജില്ലാ സെക്രട്ടറിയും ഡിവിഷൻ ഭാരവാഹികളുടെ പേര് ഭാരവാഹിത്വം എന്നിവ ഡിവിഷൻ പ്രസിഡന്റ്/സെക്രട്ടറിയും യൂണിയന്റെ സൈറ്റിൽ "Contact us" ൽ ഈ കത്ത് കിട്ടിയാലുടൻ ചേർക്കണം. റഫറണ്ടവുമായി ബന്ധപ്പെട്ട് ഭാരവാഹികളുടെ ലിസ്റ്റ് ആവശ്യമുള്ളതിനാൽ ഉടൻ ചേർക്കണം.

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി